## യഥാർത്ഥ മന്ന എന്ന നിലയിൽ ക്രിസ്തുവിന്റെ ആഴമേറിയ സത്യം

**I. ക്രിസ്തുവിനാൽ ജീവിക്കുവാൻ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനുവേണ്ടി പിതാവായ ദൈവത്താൽ അയയ്ക്കപ്പെട്ട യഥാർഥ മന്നയായ, നമ്മുടെ ആത്മിക ഭക്ഷണമായ ക്രിസ്തു എന്ന ഭക്ഷണക്രമത്തിലേക്ക് നമ്മുടെ ഭക്ഷണക്രമം മാറ്റുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നതാണ് പുറപ്പാട് 16-ലെ ആഴമേറിയ സത്യം**

1 കൊരി. 10:3 എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു.

- ഈ പ്രപഞ്ചത്തിൽ നമ്മെ ദൈവത്തിന്റെ വാസസ്ഥലമാക്കുന്നതിന് നമ്മുടെ പുനഃസംരചിക്കുന്ന മൂലകവും നമ്മുടെ ജീവസഹായവുമാകുവാൻ ക്രിസ്തുവിൽനിന്ന് നാം ഭക്ഷിക്കുന്നതെല്ലാം ഒരു നിത്യസ്മരണയായിരിക്കും
- പൊൻകുടത്തിലെ മന്ന ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കേന്ദ്രബിന്ദുവായിരുന്നതുപോലെ, നാം ഭക്ഷിച്ച മന്നയായ ക്രിസ്തു ഇന്ന് ദൈവത്തിന്റെ കെട്ടിടത്തിന്റെ കേന്ദ്രബിന്ദുവാണ്
- നമ്മുടെ നിലനില്പിനും ബലത്തിനും സംതൃപ്തിക്കുമായി നാം എടുക്കുന്ന നിസ്തുലമായ ഭക്ഷണം ക്രിസ്തു ആയിരിക്കണം, പുതിയനിയമത്തിലെ നിസ്തുലമായ ഏക ശുശ്രൂഷ, ദൈവജനത്തിനുള്ള നിസ്തുല ഭക്ഷണമായി ക്രിസ്തുവിനെ എത്തിക്കുകയും ചെയ്യുന്നു
- നമ്മുടെ നിസ്തുല ഭക്ഷണമായ, നമ്മുടെ ദൈനംദിന മന്നയായ, ക്രിസ്തുവിന്റെ സവിശേഷതകൾ, നാം അവനെ തുടർച്ചയായി ആസ്വദിക്കുമ്പോൾ നമ്മുടെ ചയാപചയ രൂപാന്തരത്തിലൂടെ അവന്റെ മഹിമയ്ക്കായി നമ്മുടെ സവിശേഷതകളായിത്തീരുന്നു

## പിന്തുടരുന്ന ആത്മിക പാറയും ആത്മിക പാനീയവുമെന്ന നിലയിൽ ക്രിസ്തു

**II. തന്റെ ജനത്തെ പിന്തുടരുന്ന ഒരു ആത്മിക പാറയായിത്തീരുവാൻ ക്രിസ്തു ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഈ പിന്തുടരുന്ന പാറ ജീവൻ-നൽകുന്ന ആത്മാവായ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ്, അവൻ തന്റെ വിശ്വാസികൾക്ക് ജീവജലം നൽകുവാൻ എപ്പോഴും സഭയോടുകൂടെയുണ്ട്**

1 കൊരി. 10:3 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു

**>ജലത്തിന്റെ അഭാവത്തിന്റെ പ്രശ്നം**

- **(ആദ്യത്തെ തവണ)** ജീവന്റെ ആത്മാവിനെ മുൻകുറിക്കുന്ന ജലത്തിന്റെ അഭാവം ദൈവജനത്തിനിടയിൽ പ്രശ്നത്തിന് കാരണമാകാം; ദൈവജനത്തിന് ജീവന്റെ ആത്മാവിന്റെ കുറവുള്ളപ്പോഴെല്ലാം അവർക്ക് പ്രശ്നങ്ങളുണ്ടായിരിക്കും; ദൈവജനത്തിന് ആത്മാവിന്റെ സമൃദ്ധി ഉണ്ടായിരിക്കുമ്പോൾ, അവർക്കിടയിലും ദൈവവുമായുമുള്ള അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നു
- **(രണ്ടാമത്തെ തവണ)** ക്രിസ്തു ക്രൂശിക്കപ്പെടുകയും ആത്മാവ് നൽകപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ, ക്രിസ്തു വീണ്ടും ക്രൂശിക്കപ്പെടേണ്ട ആവശ്യമില്ല; അതായത്, ജീവജലം ഒഴുകേണ്ടതിന് വീണ്ടും പാറയെ അടിക്കേണ്ട ആവശ്യമില്ല; ദൈവത്തിന്റെ വ്യവസ്ഥയിൽ ക്രിസ്തു ഒരിക്കൽ മാത്രം ക്രൂശിക്കപ്പെടണം

**>ജീവജലം സ്വീകരിക്കുവാനുള്ള ശരിയായ മാർഗം**

- ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽനിന്നും ജീവജലം സ്വീകരിക്കുന്നതിന്, നാം "വടി എടുക്കുകയും" "പാറയോട് സംസാരിക്കുകയും" ചെയ്യേണ്ട ആവശ്യമേയുള്ളൂ
  - വടി എടുക്കുന്നത് ക്രിസ്തുവിന്റെ മരണത്തിൽ അവനുമായി ഏകീഭവിക്കുന്നതും നമ്മോടുതന്നെയും നമ്മുടെ സാഹചര്യത്തോടും ക്രിസ്തുവിന്റെ മരണത്തെ പ്രയോഗിക്കുന്നതുമാണ്.
  - പാറയോട് സംസാരിക്കുന്നത് ആത്മാവിനെ നമുക്ക് നൽകിക്കഴിഞ്ഞിരിക്കുന്നു എന്ന വസ്തുതയെ അടിസ്ഥാനമാക്കി ജീവന്റെ ആത്മാവിനെ നമുക്ക് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് അടിക്കപ്പെട്ട പാറയെന്ന നിലയിൽ ക്രിസ്തുവിനോട് നേരിട്ട് ഒരു വാക്ക് സംസാരിക്കുന്നതാണ്

**>മോശെയുടെ പരാജയം നമ്മുക്ക് ഉദാഹരണവും/മുന്നറിയിപ്പും**

- പാറയോട് സംസാരിക്കുന്നതിനുപകരം, മോശെ ജനത്തോട് കോപിക്കുകയും, അവരെ മത്സരികളെന്ന് കുറ്റപ്പെടുത്തുകയും, തന്റെ വടികൊണ്ട് പാറയെ രണ്ടുതവണ അടിക്കുകയും ചെയ്തു
  - മോശെ ജനത്തെ മത്സരികളായി കുറ്റംവിധിച്ചു, എന്നാൽ മോശെയായിരുന്നു ദൈവവചനത്തിനെതിരെ മത്സരിച്ചവൻ
  - യിസ്രായേൽമക്കളുടെ മുമ്പിൽ യഹോവയെ വിശുദ്ധീകരിക്കുവാൻ മോശെ യഹോവയിൽ വിശ്വസിച്ചില്ല

- അവനെ വിശുദ്ധീകരിക്കുക എന്നാൽ ദൈവജനത്തെ സംബന്ധിച്ച് നാം പറയുന്നതും ചെയ്യുന്നതുമായ എല്ലാറ്റിലും നമ്മുടെ മനോഭാവം ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്തിനും, നമ്മുടെ പ്രവൃത്തികൾ അവന്റെ ദിവ്യ വ്യവസ്ഥയ്ക്കും അനുസരിച്ചായിരിക്കണം.

## കർത്താവിന്റെ മേശയിലെ ഉള്ളടക്കം

**III. കർത്താവിന്റെ മേശയിലെ ഉള്ളടക്കമെന്ന നിലയിൽ ക്രിസ്തു ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ യാഥാർഥ്യമാണ്**

**>കർത്താവിന്റെ മേശയുടെ/വിരുന്നിന്റെ ഊന്നൽ നമ്മുടെ ആസ്വാദനത്തിനായ് ശരീരത്തിലെ അവയവങ്ങളുടെ കൂട്ടായ്മയാണ്—[തിരശ്ചീനം]**

- ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയ്ക്കു വേണ്ടിയാണ് അപ്പം.
- ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയ്ക്കു വേണ്ടിയാണ് പാനപാത്രം. അത് ദൈവംതന്നെ നമ്മുടെ ഓഹരിയായ അനുഗ്രഹമാണ്
- രക്തത്തിന്റെ പുതിയ ഉടമ്പടി നമ്മെ അതിവിശുദ്ധ സ്ഥലത്തുള്ള ദൈവസാന്നിധ്യത്തിലേക്ക് നയിക്കുന്നു

**>കർത്താവിന്റെ അത്താഴത്തിന്റെ ഊന്നൽ കർത്താവിന്റെ ആസ്വാദനത്തിനായ് അവനെ ഓർക്കുന്നതാണ്—[ലംബം]**

- കർത്താവിന്റെ വരവോളം അവന്റെ മരണത്തെ പ്രഖ്യാപിക്കുന്നു:
  - **കർത്താവിന്റെ മരണത്തെ പ്രഖ്യാപിക്കുന്നത്:** അവന്റെ ജീവൻ-വിടുവിക്കുന്ന മരണത്തെ പ്രഖ്യാപിക്കുകയെന്നാൽ സഭയെ ഉളവാക്കുവാനുള്ള അവന്റെ നൈതിക വീണ്ടെടുപ്പിനായുള്ള അവന്റെ ഒന്നാമത്തെ വരവിനെ പ്രഖ്യാപിക്കുക എന്നാണ്
  - **വരവോളം:** ക്രിസ്തുവിന്റെ ജൈവിക രക്ഷയുടെ പ്രക്രിയയിൽ അവനെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലൂടെ സഭ അവന്റെ ഒന്നാമത്തെ വരവിനും രണ്ടാമത്തെ വരവിനും ഇടയിലുള്ള വിടവ് നികത്തുന്നു
  - **കർത്താവിന്റെ വരവ്:** ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാനുള്ള അവന്റെ രണ്ടാമത്തെ വരവ്
- നാം കർത്താവിന്റെ അത്താഴം ഭക്ഷിക്കുന്നത് കർത്താവിന്റെ രണ്ടു വരവുകളിലുള്ള അവന്റെ സ്മരണയിൽ പരിണമിക്കണം.